



# LITTLE KITES 2019-20



# തത്തമ്മക്കുട്ടി

# അവതാരിക

വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യത വർദ്ധിച്ച് വരികയാണ്. സാമൂഹിക വിഷയങ്ങളെക്കുറിച്ച് അറിയുന്നതിനും പ്രതികരിക്കുന്നതിനും വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ഈ അവസരത്തിൽ ഡിജിറ്റൽ മാഗസിന്റെ പ്രാധാന്യവും വലുതാണ്.

ഗവ. സിറ്റി ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ സർഗാത്മക രചനകളുടെ കൊച്ചു സമാഹാരമാണ് ഈ മാഗസിൻ. കുട്ടികളുടെ രചനകൾ മുഴുവനായും കൃത്യമായും ഇതിൽ പ്രതിഫലിപ്പിക്കാനായില്ല, എങ്കിലും സമയ പരിധികളുള്ളിൽ നിന്ന് കൊണ്ട് 2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സഹൃദയ സമക്ഷം സമർപ്പിക്കട്ടെ....

**നഹീദ എ ടി**

# എഡിറ്റോറിയൽ ബോർഡ്

## ഗവ:സിറ്റി ഹയർ സെക്കന്ററി സ്കൂൾ

ചീഫ് എഡിറ്റർ : അബ്ദുൽ നസീർ കെ.പി
ഹെഡ്മാസ്റ്റർ, ജി.സി.എച്ച്.എസ്.എസ്

സബ് എഡിറ്റർസ് : വിലാസിനി ടി.വി
നഹീദ എ.ടി
സിനി എ പി

സറ്റുഡന്റ് എഡിറ്റേർസ് : മുഹമ്മദ് റബീഹ് സി എച്ച്
മുഹമ്മദ് റിജാസ്
മുഹമ്മദ് ഫർസീൻ

കവർ ഡിസൈനിംഗ് : നജ ഷിറിൻ, ഫാത്തിമത്തുൽ ഫിസ

മലയാളം ടൈപ്പിങ് : മുഹമ്മദ് റബീഹ് സി എച്ച്
നജ ഷിറിൻ പി
ഫാത്തിമത്തുൽ ഫിസ
സഫ്‌വാൻ കെ
മുഹമ്മദ് ഫർസീൻ, റിജാസ് &
നിബ്രാസ്

പേജ് ലേയൗട്ട് : ശസിൻ അദ്നാൻ,

# ആശംസ

2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതായി അറിഞ്ഞു. Paperless ആയി പ്രകൃതിയെ സംരക്ഷിക്കുന്ന ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**കെ പി അബ്ദുൽ നസീർ**
ഹെഡ്മാസ്റ്റർ,
ഗവ. സിറ്റി ഹയർ സെക്കന്ററി സ്കൂൾ

...................................

## ആശംസ

I am so happy to know that little kites club is publishing a digital magazine. I wish all the very best. Let it be a successful endeavour.

Congratulations to all the students and the staff who worked behind it.

**എം എസ് ഉമ്മർ,**
പി ടി എ പ്രസിഡന്റ്,
ഗവ. സിറ്റി ഹയർ സെക്കന്ററി സ്കൂൾ.

...........................................................................

# ആശംസ

വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളെ കുട്ടികളുടെ സർഗാത്മക വികസനത്തിന് ഉപയോഗപ്പെടുത്താനുള്ള ശ്രമത്തിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**സത്താർ പി വി**

അറബിക് അധ്യാപകൻ

ഗവ. സിറ്റി ഹയർ സെക്കന്ററി സ്കൂൾ

..........................................

## ആശംസ

നമ്മുടെ കുരുന്നുകൾക്ക് അവരുടെ സർഗവാസനകൾ പ്രകടിപ്പിക്കാൻ ലഭിക്കുന്ന അവസരം, ഏറെ സ്വാഗതാർഹം. ഇതവർക്ക് കരുത്ത് പകരട്ടെ. ഉയരത്തിലേക്കുള്ള ഒരു ചവിട്ടു പടിയാകട്ടെ. അണിയറ ശിൽപികൾക്ക് അഭിനന്ദനങ്ങൾ. ഈ ഡിജിറ്റൽ മാഗസിന് സർവ്വവിധ മംഗളങ്ങളും നേരുന്നു.

റുക്സാന എം പി,
ജീവ ശാസ്ത്രം അധ്യാപിക,
ഗവ. സിറ്റി ഹയർ സെക്കന്ററി സ്കൂൾ.

......................................................................

# നന്ദി പ്രകാശനം

ഗവ.സിറ്റി ഹയർ സെക്കന്ററി സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ ഇവിടെ
എല്ലാവർക്കുമായി സമർപ്പിക്കുകയാണ്.
ഇതിന്റെ
നിർമ്മാണത്തിൽ നമ്മെ സഹായിച്ച് സഹകരിച്ച
ഹെഡ്മാസ്റ്റർ , മറ്റ് അധ്യാപകർ, ലിറ്റിൽ കൈറ്റ്സ്
മെമ്പർമാർ മറ്റ് വിദ്യാർത്ഥികൾ
തുടങ്ങിയ എല്ലാവർക്കും ഞങ്ങൾ ഹൃദയം
നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

സ്റ്റുഡന്റ് എഡിറ്റർ

റബീഹ് സി ച്

# തത്തമ്മക്കുട്ടി - ഉള്ളടക്കം


അവതാരിക....2
നഹീദ എ ടി....2
എഡിറ്റോറിയൽ ബോർഡ്....3
ഗവ:സിറ്റി ഹയർ സെക്കന്ററി സ്കൂൾ....3
ആശംസ....4
കെ പി അബ്ദുൽ നസീർ....4
ആശംസ....5
എം എസ് ഉമ്മർ,....5
ആശംസ....6
സത്താർ പി വി....6
ആശംസ....7
റുക്സാന എം പി....7
നന്ദി പ്രകാശനം....8
റബീഹ് സി ച്ച്....9
....9
....9
....12
കവിത....13
പൊയ് മുഖം....13
കവിത....14
അടച്ചൂറ്റല്....14
ഉപന്യാസം....15
നവ മാധ്യമങ്ങളും കുട്ടികളും....15
ചിത്രം....17
ഫാത്തിമത്തുൽ ഫിസ....17
കവിത....19
വിട....19
കഥ....21
തിരിച്ചു വരാത്ത സംഗമം അതി മനോഹരം....21
കവിത....24
പൊയ് മുഖം....24
ഉപന്യാസം....26
നവമാധ്യമങ്ങളും കുട്ടികളും....26
....26
ടിക് ടോക്ക് പോലുള്ള നവ മാധ്യമങ്ങളിൽ പല വീഡിയോകളും കണ്ട് അനുകരിക്കാൻ ശ്രമിച്ച് അവരുടെ ജീവൻ പോലും അപകടത്തിലായത് ഇന്ന് എപ്പോഴും കണ്ട്കൊണ്ടിരിക്കുന്ന കാര്യമാണ്. കുട്ടികൾ ഇത്തരത്തിലുള്ള വീഡിയോകൾക്ക് വളരെ പെട്ടെന്ന് അടിമപ്പെടുകയാണ് ....27
കഥ....29
തിരിച്ചു വരാത്ത ജീവിതം....29

ചിത്രം....................32
DHANIAH ABHI....................32
കവിത....................33
ഉപന്യാസം....................34
നവ....................34
മാധ്യമങ്ങളും....................34
കുട്ടികളും യൂസുഫ് വി....................34
കവിത....................36
പൊയ്മുഖം....................36
നവ മാധ്യമങ്ങളും കുട്ടികളും....................38
കവിത....................39
മുഹമ്മദ് റബീഹ് സി എച്ച്....................39
പൊയ് മുഖം....................39
കവിത....................40
....................40
മഴ....................40
ജലച്ഛായം....................41
അബ്ദുൽ നാഫിഹ്....................41
പൊയ് മുഖം....................45
കഥ....................46
തിരിച്ച് വരാത്ത അവർ....................46
അജ്നാസ് എം എ....................48
ജലച്ഛായം....................54
ഫാമിൽ, X B....................54
POEM....................55
River....................55
പെൻസിൽ ഡ്രോയിംഗ്....................57
മുഹമ്മദ് നിബ്രാസ്....................57
പെൻസിൽ ഡ്രോയിംഗ്....................60
മുഹമ്മദ് ഫർസീൻ, IX B....................60
ജലച്ഛായം....................61
മുഹമ്മദ് അഷർ ജമാൻ എ, VII A....................61
....................62
ജലച്ഛായം....................62
മുഹമ്മദ് നാസിഫ്....................62
കവിത....................63
പൊയ്മുഖം....................63
ജലച്ഛായം....................64
ഫാമിൽ, X B....................64
ജലച്ഛായം....................65
മിൻഹജ് , VIII A....................65
ജലച്ഛായം....................66

...........66
അജ്നാസ് എം എ, X B...........66
കവിത...........67
...........67
മഴ...........67
ജലച്ഛായം...........68
ശസിൻ അദ്നാൻ, IX C...........68
ചിത്രം...........69
ഫജർ,...........69
...........70
ജലച്ഛായം...........70
സഹൽ വി പി...........70
പെൻസിൽ ഡ്രോയിംഗ്...........71
ഷഹൻഷ...........71
കഥ...........74
മൗന നൊമ്പരം...........74
...........81
...........81
കഥ...........81
...........82
സാലിം എന്ന ചെറുപ്പക്കാരൻ...........82
നവംബർ 14, ശിശു ദിനം...........85
...........87
പ്രതിഭയെ ആദരിക്കൽ...........87
ജലച്ഛായം...........87
റഹന , VIII B...........88



# കവിത

യൂസുഫ് വി
VIII B

## പൊയ് മുഖം

പുറം മോടി ആസ്വാദകരം
ചമയ സാമഗ്രികൾ തേച്ച്
നാട്ടിലെ മാന്യനാം ആളുകൾ
ജന ബഹുമാനം വാങ്ങുന്നോർ

പകലിൽ വിനീതരാം ആളുകൾ
സ്നേഹം വാരി വിതറുന്ന മാനുഷർ
സൽ ഗുണ സമ്പന്നരാം ആളുകൾ
പരോപകാരിയാം ആളുകൾ

പക്ഷേ കൂരിരുളിൻ മറവിൽ
അധർമ്മം പ്രവർത്തിക്കും വഞ്ചകർ
യാതൊരു കാരുണ്യവുമില്ലാതെ
കള്ളിലും അധർമ്മത്തിലും തിമിർക്കും

കൂട്ടുകാരുടെ മുന്നിൽ പുകഴ്ത്തും
ആളുകൾ പൊക്കി പറയും ആളുകൾ
പക്ഷെ അവരാം അഭാവത്തിൽ
കുറ്റം പറയും ആളുകൾ

പുറത്ത് മറ്റൊരു മുഖം
ഉള്ളിൽ ക്രൂര വഞ്ചക മുഖം
മുഖം മൂടി ധരിക്കും വഞ്ചകർ
പൊയ്മുഖം കാട്ടും വഞ്ചകർ

## കവിത

### അടച്ചൂറ്റൽ



വിലാസിനി ടീച്ചർ

ചോറ് വാർക്കുമ്പോൾ
തിളയ്ക്കുന്ന വെള്ളത്തെ
മെല്ലെ മെല്ലെ
കഞ്ഞിക്കലത്തിലേക്ക് വീഴ്ത്താൻ
അമ്മ വയ്ക്കുന്ന
മരത്തിന്റെ അടച്ചൂറ്റിയെ
നോക്കി നിന്നിട്ടുണ്ട്

കലത്തിന്റെ വക്ക് ചുറ്റി
കൈക്കലത്തുണി പിടിക്കുമ്പോഴും
അടച്ചൂറ്റിമേൽ വിരൽ മാത്രം...

ആദ്യശ്രമത്തിൽ
അടച്ചൂറ്റി കവിഞ്ഞ്
എന്റെ പത്തു വിരലും
പൊള്ളിയിട്ടുണ്ട്.

ഇന്നെന്റെ കൈയിൽ
പലതരം അടച്ചൂറ്റികളുണ്ട്.
വെന്തതൊന്നും
ഉുവാതെ,
തെറിക്കാതെ,
പൊള്ളാതെ,
പൊള്ളിക്കാതെ
അടച്ചൂറ്റാനെനിക്കറിയാം.
..........................

## ഉപന്യാസം



യൂനസ്. വി
Std. VIII B

## നവ മാധ്യമങ്ങളും കുട്ടികളും

ഇന്ന് ലോകത്ത് നവ മാധ്യമങ്ങളിൽ  കുട്ടികളുടെ ഉപയോഗം വർദ്ധിച്ചു   കൊണ്ടിരിക്കുന്നു .  നവ മാധ്യമങ്ങളിൽ കുട്ടികളുടെ പ്രവർത്തനങ്ങൾ പല രീതിയിലേക്കും പോയിക്കൊണ്ടേയിരിക്കുന്നു.

ഇന്ന് ലോകത്ത് തന്നെ ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണ് നവ്യ മാധ്യമങ്ങൾ. ആബാല വൃദ്ധ ജനങ്ങൾ അത് ഉപയോഗിക്കുന്നു. ഓരോ വർഷം കൂടുന്തോറും നവ മാധ്യമങ്ങളുടെയും ഉപഭോക്താക്കളുടെയും എണ്ണം കൂടുന്നു.

സമൂഹ മാധ്യമങ്ങൾ ധാരാളമുണ്ട്. ഫെയ്സ് ബുക്ക് , വാട്ട്സ് ആപ്പ് , ടിക് ടോക് , ഷെയർ ചാറ്റ് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത തരത്തിലുണ്ട് . നവ മാധ്യമങ്ങൾക്ക് ലഭിക്കുന്ന പിന്തുണയും ഉപഭോക്താക്കളുടെ വർദ്ധനവും കാരണം നവ മാധ്യമങ്ങളുടെ എണ്ണം വർദ്ധിച്ച് കൊണ്ടിരിക്കുന്നു.

സമൂഹ മാധ്യമങ്ങൾ ഒരു നാണയത്തിന്റെ ഇരു വശം പോലെയാണ്. ഗുണവും ദോഷവും സമൂഹ മാധ്യമങ്ങൾക്കുണ്ട് . വിവരങ്ങൾ വളരെ വേഗത്തിൽ പങ്കു വെക്കാൻ കഴിയും. വിനോദങ്ങളിൽ പങ്കു ചേരാൻ കഴിയും. ആഘോഷങ്ങളിലും ഉത്സവങ്ങളിലും പങ്കു ചേരാൻ കഴിയും തുടങ്ങി ഒട്ടേറെ ഗുണങ്ങൾ സമൂഹ മാധ്യമങ്ങൾക്കുണ്ട്.

ഗുണത്തേക്കാളേറെ ദോഷമാണ് സമൂഹ മാധ്യമങ്ങളിൽ ഉള്ളത് എന്ന് തോന്നും വിധമാണ് ഇന്ന് സമൂഹ മാധ്യമങ്ങൾ മുന്നോട്ട് പോകുന്നത്. സമൂഹ മാധ്യമങ്ങളിൽ ഏറിയ പങ്കും ഉപയോഗിക്കുന്നത് കുട്ടികളാണ് . അവരെ വീഴ്ത്താൻ ചതിക്കുഴികൾ ഒരുക്കി വച്ചിട്ടുണ്ടോ സമൂഹ മാധ്യമങ്ങളിൽ എന്നാണ് ഇന്ന് ചോദ്യമുയരുന്നത്. അധിക പേരും അശ്ലീല സൈറ്റുകളിൽ എത്തിപ്പെട്ട് ജീവിതം തുലയ്ക്കുന്നു. ടിക് ടോക്കിൽ നല്ല നല്ല വീഡിയോകൾ പോസ്റ്റ് ചെയ്യാൻ വേണ്ടി ട്രെയിൻ പാലത്തിൽ നിന്ന് വീഡിയോ ഷൂട്ട് ചെയ്ത് ട്രെയിൻ തട്ടി മരിക്കുന്നു.

കുട്ടികൾ സമൂഹ മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുമ്പോൾ തലച്ചോറിനെ ബാധിക്കുന്നു. അവൻ വിഷാദ രോഗിയായി മാറുന്നു. പഠനത്തിലും കളികളിലും അവൻ പിന്നോക്കം പോകുന്നു. അങ്ങിനെ അവന്റെ ജീവിതം എരിഞ്ഞൊടുങ്ങുന്നു.

കുട്ടികളുടെ സമൂഹ മാധ്യമ ദുരുപയോഗം അവസാനിപ്പിക്കണം . ചെറു പ്രായത്തിൽ തന്നെ അവർക്ക് മൊബൈൽ ഫോണുകൾ വാങ്ങിച്ചു കൊടുക്കാതെ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുന്ന സമയം കുറയ്ക്കുക . സമൂഹ മാധ്യമ ദുരുപയോഗം പിശാചിനു പിടി കൊടുത്ത പോലെയാണ് അത് എല്ലാവരും തിരിച്ചറിയുക.

## ചിത്രം

**ഫാത്തിമത്തുൽ ഫിസ**

IX C



## കവിത



അനിത ടീച്ചർ

### വിട

ഉൾക്കണ്ണടഞ്ഞ ലോകമേ ചൊല്ലു നീ
എന്തിനീ വൈകൃതക്കോലങ്ങൾ?
എന്തിനു വേണ്ടിയീ രത്നഖചിതമാം
ചമയങ്ങൾ,ഘോഷങ്ങൾ
ഒക്കെയൊരു നീർപ്പോളയല്ലയോ
ഈ പുഞ്ചിരിക്കുള്ളിലൊളിക്കുന്ന
കുടിലമാം വികൃത വദനം
ഈ സ്നേഹ ശാദ്വലതയിൽ
ചതിക്കുഴി കാണുന്നു ഞാൻ
മോഹോന്മാദഭരിതമാം ലോകമേ,
ആരെ നീ ആശയോടെ മാടി വിളിക്കുന്നു?
ഹൃദയത്തിൽ അലകളുതിർക്കും
കിളിമൊഴികളാരുടേതെന്നറിവീലേ?
നിന്നിൽ ഹിമമായ്പെയ്തിറങ്ങുന്ന-
താരുടെ ധവളിമയെന്നറിവീല്ലേ?
സുഖലഹരിയിൽ നീ മുങ്ങിത്താഴുമ്പോൾ
ഞാനറിയുന്നു-സാസ്ഥ്യം കിട്ടില്ല നിനക്കൊരു നാളിലും
കലിതുള്ളി നിൽക്കുമഹം വീണ്ടടയാതെ
സുകൃതം നിനക്കില്ലൊരിക്കലും;നിശ്ചയം

നിൻ രൗദ്രമൊഴികൾ കനൽക്കട്ട-
കളായെന്നെ ദഹിപ്പിക്കവേ
കാനൽജല സാന്ത്വനത്തിനായ്
മൂകം ഞാൻ മോഹിച്ചിടുന്നു.
നെഞ്ചകത്തൊരു പ്രാവിൻ കുറുകൽ
തുടിയ്ക്കവേ; അറിയുന്നീയുണ്മ
ഒന്നുമില്ലയീ മനസ്സിൽ,നിത്യ-
മാമിരുളും സഹാറയും മാത്രം.
മിഴിനീർവറ്റിയ കൺകളിലാശ
പുഷ്പങ്ങൾ വാടിവീഴുന്നു
ഇരുട്ടിന്നഗാധകയങ്ങളിൽ നിന്നും
ശാപമന്ത്രം മുഴക്കും ജീവിതക്കോലങ്ങൾ
തുള്ളിതിമിർത്തു പാഞ്ഞുവരുമ്പോൾ,
ഞാനറിയുന്നു-,ആശിയ്ക്കാനൊന്നുമില്ല,
നേടാനൊന്നുമില്ല , പ്രണയവുമന്യമാകുന്ന
നിന്നമർഷജ്വാലകളിൽ വീണ്ടടിയുന്നു,
ക്ഷിതിതൻ വിധി നിയോഗങ്ങൾ.
ഒരു കറുകപ്പുല്ലുപോലെ
കദനമുറയുന്ന പീഡിത മൗനത്താൽ
നിന്നെ ഞാൻ ശപിക്കുന്നു.
നിന്റെയഹങ്കാര മുനകളെന്നിൽ
ആഴ്ന്നിറങ്ങും മുൻപ് വിടചൊല്ലട്ടെ,
നിൻെറ  ഹൃൽസ്പന്ദങ്ങൾ കാലത്തി-
ന്നന്തിമ വിധിയ്ക്കു  ഞാനർപ്പിക്കട്ടെ.

..............................

# കഥ

## തിരിച്ച് വരാത്ത സംഗമം അതി മനോഹരം



റബീഹ് സി.എച്ച്
Std. IX B

എനിക്കുമുണ്ടായിരുന്ന തിരിച്ച് വരുമോ എന്ന് എനിക്ക് അറിയാത്ത കുറച്ച് ദിനങ്ങൾ. എൻെറ പേര് റബി. എനിക്ക് പറയാനുള്ളത് എൻെറ കുട്ടുംബം ഒന്നാക്കിയ സ്നേഹത്തിൻെറ മൂന്ന് ദിവസം. കേരളത്തിൽ പതിനാല് ജില്ലകളുണ്ട്, അതിൽ പല പല നാട്ടുകൾക്ക് പല പല ശൈലികളാണ് എന്ന് അറിയാമല്ലോ? എൻെറ കുടുംബം മൂന്ന് സ്ഥലത്താണ് ഉള്ളത് കൊല്ലം, കണ്ണൂർ, മംഗലാപുരം. പക്ഷെ തറവാട് കണ്ണൂർ ആയതുകൊണ്ട് , കണ്ണൂരായിരുന്നു നമ്മുടെ കുടുംബ സംഗമം .

രണ്ട് ദിവസം മുമ്പ് തന്നെ വീട് പെയിൻറ് അടിച്ചു, വീട് ഒന്ന് കുട്ടതൽ മൊഞ്ചാക്കി വെച്ചു. പെയിൻറ് അടി ഒരു ദിവസം കൊണ്ട് കഴിഞ്ഞു . ഇനി ഒരു രാവും പകലും കാത്തിരിപ്പ് തുടരണം . ഞാൻ കാത്തിരിക്കുന്നത് കുറേ കാലത്തിനു ശേഷം നമ്മൾ ഇഷ്ടപ്പെടുന്ന പലരും നമ്മുടെ അടുത്തു വരുന്നു, അവരുടെ

കൂടെ കളിയും ചിരിയും ചേർത്ത മൂന്ന് ദിവസം, ഒരു പകൽ കഴിഞ്ഞു , രാത്രി അവരുടെ ഉമ്മ രണ്ടു ദിവസം മുമ്പ് വാങ്ങിയ വിവോ ഫോണിൽ വിളിച്ചു . അപ്പോൾ ഫോണെടുത്തത് സാജിതാത്തയാണ് . സാജിതാത്ത പറഞ്ഞു: "യെന്തു വാടീയിത് ഞങ്ങൾക്ക് തീവണ്ടി പൊക്കി ഓടാൻ കഴിയത്തില്ലല്ലോ" . അതു പറഞ്ഞതു കേട്ടപ്പോൾ ഉമ്മ ഫോൺ കട്ടാക്കി. ഇപ്പോൾ ഇത് വായിക്കുന്നവർ വിചാരിക്കും, അതെന്താ ഇത്ര പെട്ടെന്ന് കട്ടാക്കിയതെന്ന്?

സത്യം പറഞ്ഞാൽ സാജിതാത്ത ഉമ്മൻെറ അനിയത്തിയാണെങ്കിലും ഉമ്മാൻെറ ചേട്ടത്തിയെപ്പോലയാണ് സംസാരം, ഈ തൃശ്ശൂർ പൂരത്തിന് അമിട്ട് പൊട്ടുന്നതു പോലെ. സാജിതാത്തയുടെ കുടുംബം എന്ന് പറയുന്നത് ഭർത്താവ് നാസി ആപ്പ, മകൾ നാസില പിന്നെ റാഷിദ്, എൻെറ ഇഷ്ടപ്പെട്ട കസിൻ. അയ്യോ ഇത് പറഞ്ഞ് രാവിലെ ആയതറിഞ്ഞില്ല അങ്ങനെ ഒരു രാവും പകലും കഴിഞ്ഞു.

അങ്ങനെ മംഗലാപുരത്തെ ഫാമിലിയും എത്തി. അവർ ആരൊക്കയാണെന്ന് പറഞ്ഞാൽ, ഒന്ന്, അബ്ബ എന്ന് പറഞ്ഞാൽ ബേരിയിൽ ഉപ്പ എന്നാണ് . ബേരി ഒരു ഭാഷയാണ് മലയാളവും

തുളുവും ചേർന്ന ഭാഷയാണ് ബേരി. പിന്നെ എൻെറ ഉമ്മാമ്മയുടെ സഹോദരി ജായി എന്ന് വിളിപ്പേരുള്ള സാഹിദ, പിന്നെ എൻെറ പ്രിയപ്പെട്ട സഹോദരൻമാർ മാലിക്ക്, കബീർ, റിള് വാൻ എന്നിവരാണ് എൻെറ ഇഷ്ട സഹോദരൻമാർ. അങ്ങനെ സംഗമം ആരംഭിച്ചു എന്ന് പറയാൻ തുടങ്ങിയപ്പോഴേക്കും ഒരു അടി തുടങ്ങി രണ്ട് നാട്ടുകാർ തമ്മിലല്ല ഒരു നാട്ടുകാർ തമ്മിൽ, കണ്ണൂർകാരുടെ തനിസ്വരൂപം കാണിച്ച്, ഒന്ന് പറഞ്ഞ് രണ്ടാമത്തേതിന് അടി തുടങ്ങി. അങ്ങനെ കുടുംബക്കാർക്കിടയിൽ ഒരു തിരിച്ചു വരാത്ത സംഗമമായി മാറി.

.........................................

# കവിത



സഹൽ വി പി
Std. X B

## പൊയ് മുഖം

ചിലയനുഭവങ്ങൾ ഓർത്ത്
നടക്കല്ലേ . അനുഭവത്തെ
പുറത്ത് കാണിക്കാതെ
നടക്കുന്നവരെ.....
പൊയ് മുഖം , പൊയ് മുഖം , പൊയ് മുഖം..

നല്ല മുഖത്തോടു കൂടി നടക്കു -
ന്നവരുണ്ടാകും, അനുഭവങ്ങൾ
മനസ്സിൽ വച്ച് നടക്കുന്നു-
ണ്ടാകും , ചിരിക്കണം..
പൊയ്മുഖം , പൊയ്മുഖം , പൊയ്മുഖം ...

ചിരിച്ചും ,ദേഷ്യപ്പെട്ടു -
ന്നവരുണ്ടാകും , പക്ഷേ
അനുഭവങ്ങൾ പുറത്ത് കാണി -
ക്കില്ല .
പൊയ് മുഖം , പൊയ് മുഖം , പൊയ്മുഖം ..

നല്ല മുഖവും നല്ല ശരീരവും
നല്ല സൗന്ദര്യമുള്ളവരുമുണ്ടാ -
കും അവരുടെ മനസ്സിൽ
അനുഭവമുണ്ടെന്നാർക്കർക്കറിയാം .
പൊയ് മുഖം , പൊയ് മുഖം , പൊയ്മുഖം ..

ചിലർ മുഖം മൂടി ഇട്ട -
തു പോലെ നടന്ന് മന -
സ്സിൽ ഓരോ ചിന്തകൾ
വച്ച് നടക്കുന്നവരുണ്ടാകും ..
പൊയ് മുഖം , പൊയ് മുഖം , പൊയ്മുഖം ..

..............................

## ഉപന്യാസം



### നവമാധ്യമങ്ങളും കുട്ടികളും

നാജിഹ് വി. 10 B

ഭക്ഷണം, വസ്ത്രം, വെള്ളം എന്നിവ പോലെ മനുഷ്യജീവിതത്തിലെ ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ഘടകമായി മാറിയിരിക്കുകയാണ് ഇന്നത്തെ നവമാധ്യമങ്ങൾ. മനുഷ്യ ജീവിതത്തിൽ ഇങ്ങനെ സ്വാധീനം ചെലുത്താൻ കഴിവുള്ള ഒരു കാര്യവും ആധുനിക കാലഘട്ടത്തിൽ ഇല്ല. ഒരു നാണയത്തിന് രണ്ടു വശം ഉള്ളതു പോലെ നവ മാധ്യമങ്ങൾക്കും രണ്ട് വശങ്ങളുണ്ട്. അത് ഉപയോഗിച്ച് നന്നാവാനുള്ള സാധ്യതയേക്കാൾ അധികമാണ് മോശമാവാവുനുള്ള സാധ്യത എന്നതിന് സംശയമില്ല.

ഇന്ന് ലോകത്ത് നാൾക്കുന്നാൾ സാങ്കേതിക വിദ്യ വർധിക്കുകയാണ്. ലോകം മുഴുവൻ മനുഷ്യൻെറ വിരൽതുമ്പിൽ വന്നു നിൽക്കുന്ന ഈ ആധുനിക

കാലഘട്ടത്തിൽ  കുട്ടികളാണ് കൂടുതൽ വഴിപിഴച്ചു പോകുന്നത്. വാട്സാപ്പ്  ഫൈസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം എന്നിങ്ങനെ കോടിക്കണക്കിന് നവ മാധ്യമങ്ങളാണ് ഇന്ന് ലോകത്തുള്ളത്.

ഇന്റർനെറ്റ്  എന്ന മഹാവലയത്തിവനുള്ളിൽ കുടുങ്ങി ഒട്ടേറെ നീച കൃത്യങ്ങൾ ചെയ്യുന്ന കുട്ടികൾ ഇന്ന് ധാരാളമാണ്. ഇതിൽ അകപ്പെട്ടാൽ എന്ത് നീചകൃത്യവും ചെയ്യാൻ മടിക്കാത്തവരാണ് അധികപേരും . പലരെയും അനുകരിച്ചും മറ്റും കുട്ടികൾ പ്രശസ്തരാവാൻ നോക്കുമ്പോൾ അവരുടെ ഭാവിയാണ് ഇല്ലാതാകുന്നത് എന്ന്  അവർ ഓർക്കുന്നില്ല.

ടിക് ടോക്ക് പോലുള്ള നവ മാധ്യമങ്ങളിൽ പല വീഡിയോകളും കണ്ട് അനുകരിക്കാൻ ശ്രമിച്ച് അവരുടെ ജീവൻ പോലും അപകടത്തിലായത് ഇന്ന് എപ്പോഴും കണ്ട്കൊണ്ടിരിക്കുന്ന കാര്യമാണ്.   കുട്ടികൾ ഇത്തരത്തിലുള്ള വീഡിയോകൾക്ക് വളരെ പെട്ടെന്ന് അടിമപ്പെടുകയാണ് .

നവമാധ്യങ്ങൾക്ക് നല്ല വശങ്ങളും ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല . പഠന കാര്യങ്ങൾക്കും മറ്റും ഇവ ഉപകാര പ്രദമാവുന്നുണ്ട്.പക്ഷേ ഇതിനെ മോശമായി – ഉപയോഗിക്കുമ്പോഴാണ് ഇന്നത്തെ കുട്ടികൾ

മോശമാവുന്നത് . ഈ അടുത്ത കാലത്ത് പ്രസിദ്ധമായ ബ്ലൂവെൽ പോലുള്ള പല ഗെയ്മുകൾക്കും അടിമപ്പെട്ട് സ്വന്തം ജീവൻ പോലും നഷ്ടപെടത്തുകയാണ് കുട്ടികൾ. നാളത്തെ തലമുറയുടെ വാഗ്-ദാനങ്ങളായ  കുട്ടികൾ ഇങ്ങനെ ആയാൽ  ഇനിയുള്ള കാലത്ത് ഈ ലോകം ഒരിക്കലും നന്നാവില്ല .

പല കുട്ടികളും മൊബൈൽ  ഫോൺ കിട്ടാത്തതിൻെറ പേരിൽ മാതാപിതാക്കളെ  കുറ്റം പറയുന്നത് ഇന്ന് പുതുമയുള്ള കാര്യമല്ല. മൊബൈൽ ഫോൺ ഒരു ലഹരിയാണ്. അതിന് അടിമപ്പെട്ടാൽ അതിൽ നിന്ന് ഒഴിയാൻ കഴിയില്ല.  അതിനെ നല്ല രീതിയിൽ ഉപയോഗിച്ചാൽ അതിലും നല്ല കാര്യവും മോശമായ രീതിൽ ഉപയോഗിച്ചാൽ അതിലും മോശമായ കാര്യവും ഇന്ന് ലോകത്തില്ല . നവമാധ്യമങ്ങൾ ഇന്ന് സൂക്ഷിച്ച് ഉപയോഗിച്ചിട്ടില്ലെങ്കിൽ   പല  കെണികളിലും നമ്മൾ പെട്ട്പോകും.  ഇതിൽ നിന്നെല്ലാം മുക്തി നേടിയ ഒരു തലമുറയെയാണ് നമുക്ക് ആവശ്യം........

# കഥ

## തിരിച്ചു വരാത്ത ജീവിതം



യൂനസ് വി
Std. VIIII B

അയാൾ വരാന്തയിലെ ചാരു കസേരയിൽ ഇരുന്നു കൊണ്ട് ഓർക്കുകയാണ്. എത്ര പെട്ടെന്നാണ് അയാളുടെ സ്വപ്നങ്ങൾ തകർന്നടിഞ്ഞത്. എന്തെല്ലാം സ്വപ്നങ്ങളായിരുന്നു. താൻ ഇന്ന് അനുഭവിക്കുന്ന പ്രയാസങ്ങളെല്ലാം കുറച്ചു വർഷങ്ങൾ കഴിഞ്ഞാൽ അതൊക്കെ അവസാനിക്കും, മകൻ ബി. ടെക് ബിരുദം നേടി വലിയ കമ്പനിയിൽ ജോലിക്ക് പ്രവേശിക്കും, പരീക്ഷകളിലൊക്കെ മുഴുവൻ മാർക്കും നേടുന്ന നാടിന്റെ സ്വന്തം കണ്ണിലുണ്ണിയായിരുന്നു, അവൻ. എല്ലാം അയാൾ ഇന്നലെയെന്ന പോലെ ഓർക്കുകയായിരുന്നു.

പട്ടണത്തിലെ ചുമട്ടു തൊഴിലാളിയായിരുന്നു അയാൾ , അങ്ങിനെയാണ് അയാൾ ഒരു പാവം കർഷകന്റെ മകളായ മീനയെ വിവാഹം ചെയ്യുന്നത്, വിവാഹം കഴിഞ്ഞ് വർഷങ്ങൾ

കഴിഞ്ഞിട്ടും ഇരുവരുടെയും ദാമ്പത്യത്തിൽ കുട്ടികളുണ്ടായിരുന്നില്ല. ഒരു പാട് ദിവ്യൻമാരേയും സിദ്ധന്മാരേയും മാറി മാറി കണ്ടിട്ടാണ് ഒരു കുഞ്ഞിക്കാലു കാണാനുള്ള ഭാഗ്യം അയാൾക്ക് കൈവരുന്നത്. ഷൈജു എന്ന് പേരിട്ട് തലയിൽ വെച്ചാൽ പേനരിക്കും  തറയിൽ വെച്ചാൽ ഉറുമ്പരിക്കും എന്ന നിലയിലാണ് അയാൾ സ്വന്തം കുഞ്ഞിനെ വളർത്തിയത്. നല്ലവണ്ണം മാർക്ക് വാങ്ങി അനാവശ്യ കൂട്ടുകെട്ടിലൊന്നും പെടാതെ ഷൈജു വളർന്ന് വലുതായി. എഞ്ചിനീയറിംങ്ങ് പഠനത്തിനായി നക്സൽ ഭീഷണിയുണ്ടെങ്കിലും മികച്ച എഞ്ചിനീയറിംങ്ങ് കോളേജിൽ ചേർന്നു.

അങ്ങിനെയാണ് കോളേജിൽ ഫീസ് കുത്തനെ ഉയർത്തി, വിദ്യാർത്ഥികൾ , കോളേജിൽ പഠിപ്പ് മുടക്കി, പ്രിൻസിപ്പലിന്റെ മുറിക്ക് മുന്നിൽ പ്രതിഷേധമുയർത്തി. പോലീസ് ലാത്തി വീശി പ്രതിഷേധക്കാരെ ഓടിച്ചു. സമരത്തിന്റെ നെടും തൂണായിരുന്നു ഷൈജു. കോളേജധികൃതർ ഷൈജുവിനെ നോട്ടപ്പുള്ളിയാക്കി.

അങ്ങിനെയാണ് ഒരു കറുത്ത ദുഃശ്ശകുന രാത്രിയിൽ കോളേജിനു നേരെ നക്സൽ ആക്രമണമുണ്ടാകുന്നത്. അതിന്റെ

പ്രതിപ്പട്ടികയിൽ ഷൈജുവിനെ  ഉൾപ്പെടുത്തുന്നത് കോളേജധികൃതരുടെ സമ്മർദ്ദം മൂലമാണ്.  അന്ന് പോലീസ്

പൊക്കിയ ഷൈജുവിനെ പിന്നെയാരും കണ്ടിട്ടില്ല. തിരിച്ചു വരാത്ത സ്വപ്നമായി മാറി അവൻ.

.......................................................

–

# ചിത്രം

**DHANISH ABHI**
**VII B**



# കവിത



വിലാസിനി ടീച്ചർ

തീവണ്ടയിൽ
പാട്ടു പാടുന്നവരുടെ
ഒക്കത്തിരിക്കുന്ന
കുഞ്ഞുങ്ങൾക്കെല്ലാം
ഒരേ മുഖം.

അമ്മയുടെ തൊണ്ടയിൽനിന്നതിരുന്ന
ദൈന്യതയുടെ നാദം
കുഞ്ഞു കണ്ണുകളിൽ വിരിയുന്ന
നക്ഷത്രങ്ങൾക്കും,
യാത്രക്കാരുടെ
നിസ്സംഗതയിലേക്കെയ്യുന്ന
പാൽപുഞ്ചിരിക്കും
ഒരേ ഭാവം.

പൂ പോലെ
മൂർധാവിൽ കെട്ടിവെച്ച മുടിക്കും,
പരുത്ത കല്ലുകളുടെ താളം
ഇടമുറിയുമ്പോൾ
അമ്മയുടെ മുഖത്തും
കൈകളിലും തട്ടി
എന്തെന്നാരായുന്ന
കുഞ്ഞു വിരലുകൾക്കും
ഒരേ നിറം.

കാലദേശങ്ങളെ
കവിഞ്ഞോടുന്ന
സമാന്തര ജീവിതപ്പാളങ്ങൾക്കിടയിൽ
ചിതറിപ്പോയ കുവലുകൾക്കും
ഒരേ സ്വരം.....

# ഉപന്യാസം

## ഉപന്യാസം



**നവ**

**മാധ്യമങ്ങളും**

**കുട്ടികളും**

യൂസുഫ് വി

Std. VIII B

ലോകത്ത് ഇപ്പോൾ സാമൂഹ്യ മാധ്യമങ്ങൾ ഇല്ലാത്ത വീടില്ല. സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം കൊച്ചു കുട്ടികൾക്ക് പോലുമറിയാം. ഫേസ്ബുക്ക്,വാട്ട്സപ്പ്,ട്വിറ്റർ,ഇൻസ്റ്റഗ്രാം,തുടങ്ങിയ,സാമൂഹ്യമാധ്യമങ്ങൾ വ്യാപകമാണ് .

സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കാത്തവർ കുറവാണ്. മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികൾ ഉപയോഗിക്കുന്നവയാണ് സമൂഹമാധ്യമങ്ങൾ. ഈയടുത്ത് പത്രത്താളുകളിൽ വന്ന വാർത്ത, ലോകത്ത്ഏറ്റവും കൂടുതൽ സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുന്നത് ഇന്ത്യയിലെ കുട്ടികൾ ആണ്.

സാമൂഹ്യമാധ്യമങ്ങൾ കൊണ്ട് ധാരാളം ഗുണങ്ങളുണ്ട് ,പ്രത്യേകിച്ചും കുട്ടികൾക്ക് .പഠനസംബന്ധമായും പൊതു വിജ്ഞാന സംബന്ധമായും കുട്ടികൾക്ക് സാമൂഹ്യമാധ്യമങ്ങൾ നല്ലവണ്ണം ഉപയോഗപ്രദമാണ്. വേഗത്തിൽ വിവരങ്ങൾ അറിയാനും മറ്റും ഇവ ആവശ്യമാണ് .

കുട്ടികൾക്ക് വളരെ ഫലപ്രദമാണ് ഇന്റർനെറ്റ് പോലുള്ള സമൂഹമാധ്യമങ്ങൾ. ഒരു മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുമ്പോൾ ഒന്നു തിരഞ്ഞാൽ വിവരങ്ങൾ കണ്ടു പിടിക്കാം. കുട്ടികൾക്ക് സ്വന്തമായി വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ ഉള്ളത് കൊണ്ട് ലീവായാൽ നോട്ടുകൾ ഫോട്ടോയെടുത്ത് പരസ്പരം അയച്ച് കൊടുക്കാം. ഇങ്ങനെ വളരെ ഉപകാരപ്രദമാണ് സമൂഹ മാധ്യമങ്ങൾ.

ഒരു നാണയത്തിന് രണ്ടു വശങ്ങൾ ഉള്ളത്പോലെ സമൂഹമാധ്യമങ്ങൾക്ക് ഗുണകരമായ വശങ്ങൾക്ക് പുറമെ ദോശകരമായ വശവുമുണ്ട്. സോഷ്യൽ മീഡിയകളിൽ ധാരാളം ചതിക്കുഴികൾ ഉണ്ട്. സൂക്ഷിച്ചില്ലെങ്കിൽ ആപത്തിലേക്കുള്ള എടുത്തു ചാട്ടമാകും ,തികച്ചും ആത്മഹത്യാപരമാകും.

സാമൂഹ്യ മാധ്യമങ്ങൾ നോക്കുമ്പോൾ ,പരിചയപെടുമ്പോൾ സുഹൃത്തുക്കളുടെ അടുത്ത് പാതിരാവരെ ചാറ്റ് ചെയ്യും ,ഫോട്ടോകൾ അയച്ച് കൊടുക്കും ,രഹസ്യ വിവരങ്ങൾ പങ്ക് വയ്ക്കും, ബാങ്ക് അക്കൗണ്ട് നമ്പർ പറഞ്ഞു കൊടുക്കും , ഓട്ടോമാറ്റിക്ക് ട്രില്ലർ മിഷീനിലെ പിൻകോഡ് പറഞ്ഞു കൊടുക്കും, അത് ആരാണ് എന്ന് പോലും അറിഞ്ഞുകൂട , കുറച്ച് ആഴ്ചകൾ കഴിയുമ്പോൾ പണം മുഴുവൻ അല്ലങ്കിൽ പണം തന്നില്ലെങ്കിൽ വിവരങ്ങൾ പുറത്ത് വിടുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തലായി, പിന്നെ അഭിമാനം നഷ്ടപ്പെടാതിരിക്കാൻ ആത്മഹത്യ ചെയ്യും. ഇങ്ങനെ ചതിക്കുഴികൾ ധാരാളം ഉള്ള ഇടമാണ് സമൂഹ മാധ്യമങ്ങൾ.

അടുത്ത ചതിക്കുഴി ഹാക്കർമാരുടേതാണ്. നാം നമ്മുടെ അക്കൗണ്ടിലിടുന്ന പോസ്റ്റുകളുപയോഗിച്ച് നമ്മുടെ അക്കൗണ്ട് അവർ ഏറ്റെടുക്കും. അവർ വല്ല ദേശവിരുദ്ധ പോസ്റ്റോ മറ്റോ ചെയ്താൽ നാം കുടുങ്ങും. ഇത്തരം ചതിക്കുഴികൾ തിരിച്ചറിഞ്ഞ് നാം സൂക്ഷിച്ച് മാധ്യമങ്ങൾ ഉപയോഗിക്കുക. നല്ലത് മാത്രം ചെയ്യണം. ദോഷ വശത്തിലേക്ക് പോകാതിരിക്കാൻ കുട്ടികൾ ശ്രമിക്കണം.

.......................................

# കവിത



യൂനസ് വി
Std. VIII

## പൊയ്മുഖം

ക്ഷുദ്ര ശക്തികളേ,
വലിച്ചെറിയുക നിൻ പൊയ് മുഖം
ആർദ്ര ഭാവം പൊയ്മുഖമാക്കി
നാടിനെ വഞ്ചിക്കല്ലേ...

ഉള്ളിൽ കറുത്ത മുഖമായി
സ്നേഹത്തിൻ പൊയ്മുഖം ധരിക്കല്ലേ
തിരഞ്ഞെടുത്ത ജനത്തോട്
പൊയ്മുഖം കാട്ടിവഞ്ചിക്കണോ?

ഭരണഘടന പൊയ്മുഖമാക്കി
രജ്യത്തിൻെറ ഐക്യം തകർക്കല്ലേ
ഒരുമയിൽ നീങ്ങുന്ന
നാടിൻ മക്കളെ പൊയ്മുഖം കാട്ടി വഞ്ചിക്കല്ലേ..

ജനാധിപത്യം പൊയ്മുഖമാക്കി
സ്നേഹത്തിൻ മൂല്യങ്ങൾ കവർന്നെടുക്കല്ലേ

കള്ള നായകത്വം പൊയ്മുഖമാക്കി
പാവം അണികളെ വഞ്ചിക്കണോ..

തിരഞ്ഞെടുപ്പ് സമയത്ത്
സ്നേഹം പൊയ്മുഖമാക്കി
വികസനം പൊയ്മുഖമാക്കി
പാവം വോട്ടറെ പറ്റിക്കല്ലേ...

ഇരട്ട മുഖമായി
സ്നേഹത്തിന്റെ പൊയ്മുഖം ധരിച്ച
ദുഷ്ട മനസ്സുള്ള
അധികാരികളേ, ഞങ്ങളെ വഞ്ചിക്കല്ലേ....

................................

## ഉപന്യാസം



# നവ മാധ്യമങ്ങളും കുട്ടികളും

സഹൽ വി.പി
Std. X B

വാട്ട്സ് അപ്പ് , ഫെയ്സ് ബുക്ക് , ഇൻസ്റ്റാഗ്രാം , ട്വിറ്റർ , ഗൂഗിൾ , യൂസി ബ്രൗസർ എന്നീ മാധ്യമങ്ങളിൽ ആധുനക കാലഘട്ടത്തിലെ കുട്ടികൾ ഇന്ന് ഇതിന്റെയെല്ലാം അടിമകളാണ്. ഫോൺ കിട്ടിയില്ലെങ്കിൽ മാതാപിതാക്കളെ ചീത്ത പറയുകയും ആക്രമിക്കുകയും ചെയ്യുന്ന കുട്ടികളെയാണ് ഇന്നത്തെ കാലത്ത് കാണാനാവുന്നത്. ഓരോ കുട്ടിയും ഫോണിന്റെ അടമയാകുന്നു. തെറ്റായ, അശ്ലീലമായ വീഡിയോകളിലും സൈറ്റുകളിലും കയറി കുടുങ്ങിയ കുറേ കുട്ടികൾ ഈ കാലഘട്ടത്തിൽ കാണപ്പെടുന്നു.

ഫോണിനെ സംബന്ധിച്ചിടത്തോളം അതിന് നല്ല വശവും മോശ വശവും ഉണ്ട്. പഠിക്കുന്ന കുട്ടികളാണെങ്കിൽ ടെക്സ്റ്റ് ബുക്കിലുള്ള ക്യൂ ആർ കോഡ് നോക്കി പഠിക്കുന്നു. അല്ലാത്ത പക്ഷം പ്ലേ സ്റ്റോറിൽ നിന്ന് ഗെയിം ഡൗൺലോഡ് ചെയ്ത് കളിക്കുകയും ചെയ്യുന്നു. അതിൽ പ്പെട്ട ഒരു ഗെയിമാണ് ബ്ലൂ വെയിൽ. ഈ ഗെയിം കളിച്ചിട്ട് കുട്ടികൾ ആത്മഹത്യ ചെയ്യുന്നു. ഇങ്ങനെയുള്ള വേറേയും ഗെയിമുകൾ കുട്ടികളെ വഴിതെറ്റിക്കുന്നു.  6 മണിക്കൂർ തുടർച്ചയായി ഗെയിം കളിച്ച ഒരു വിദ്യാർത്ഥി മരിച്ചു.  ഈ ആധുനിക കാലഘട്ടത്തിൽ ഇങ്ങനെയുള്ള ഗെയിം വളരെ പുരോഗമിക്കുകയാണ്.

ഇന്ന് നമുക്ക് ഗൂഗിളിലൂടെ അറിയാൻ പറ്റാത്തതായി ഒന്നുമില്ല. ഏത് കാര്യത്തിനായാലും , എന്ത് സംശയത്തിന്റെ പേരിലായാലും ഗൂഗിളിന്റെ സഹായം തേടാവുന്നതേട്ടുള്ളൂ....അത് കൊണ്ട് തന്നെ ഇങ്ങനെയുള്ള മാധ്യമങ്ങളൊക്കെ തന്നെ നല്ല കാര്യങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കുക.  സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ഇവയുടെ ഉപയോഗം നമുക്ക് തന്നെ വിനയായിത്തീരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

# കവിത



മുഹമ്മദ് റബീഹ് സി എച്ച്

## പൊയ് മുഖം

ജീവിതമെന്നൊരു കപടനാടകത്തിനു
മുന്നിൽ അഭിനയിക്കും മനുഷ്യർ

സ്നേഹം നടിച്ച് നമ്മെ പറ്റിക്കും
വ്യാജനാം നമ്മുടെ മിത്രം

പണമെന്ന കടലാസിൻ പിറകിലെ
പോകും അത്യാഗ്രഹിയാം മനുഷ്യർ

ഓരോ ചിരിയിലും പറ്റിച്ചു പോകും
നമ്മുടെ പ്രിയപ്പെട്ട ബന്ധു

ഒരു നാളിൽ നമ്മൾ കുഴിമാടത്തിലേക്കാ-
ണെന്ന കാര്യം നീ ഓർക്കു.

ആറടി മണ്ണും മൂന്നു കഷ്ണം തുണിയും
ജീവിതത്തിൽ നിനക്ക് ആകെ സ്വന്തം

എന്തിനീ പണം വെറും അറുപത് വർഷം
മരിച്ചാൽ കുഴിമാടത്തിലേക്കോ

...................................................................

# കവിത

## മഴ



**ഫാത്തിമ എം എ**
V A

തുള്ളി...തുള്ളി...തുള്ളി മഴ  പെയ്തു
മഴ മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറു മഴ മഴ വന്നു
പുള്ളി ക്കുടയും ചൂടി, മഴയത്തൂടെ നടന്നു ഞാൻ
പോക്രോ പോക്രോ തവളകൾ പാടി,  ചെറു മീനുകളോ തുള്ളിച്ചാടി
മഴ പെയ്തു  ഹായ് മഴ പെയ്തു
വെള്ളപ്പൊക്കം നിറഞ്ഞൊരു മഴ പെയ്തു
റോഡിൽ മുഴുവനും മഴ പെയ്തു
മഴ പെയ്തു ഹായ് തോണിയിൽ  കേറാം
കിണറിൽ നിറയെ മഴവെള്ളം
ഇലയും ചൂടി നടന്നു ഞാൻ
ഹായ് ... ഹായ് എന്ത് മഴ
കുടയും ചൂടി റോഡിലൂടെ നടന്നു ഞാൻ
രാത്രി ഉറങ്ങാൻ എന്ത് രസമാ
മഴക്കാലം എന്തു തണുപ്പാ!


....

# <u>ജലച്ഛായം</u>



**അബ്ദുൽ നാഫിഹ്**

**VIII A**



## കവിത

## പൊയ് മുഖം



ഗ്രീഷ്മ കെ
Std. X B

പൊയ് മുഖം എത്ര സുന്ദരം...
അതിൽ എത്ര മാത്രം സത്യം ...
അതിന്റെ ഉള്ളിൽ കാണാ --
തസത്യങ്ങൾ തെളിയുന്ന ഭാവം .

അവർ അണിയുന്നത് പൊയ് മുഖം....
അതിന്റെ ഉള്ളിൽ കാണാതരഹസ്യം....
എത്ര വിജനമാണ് നിന്റെ മുഖം ...
ഉള്ളിന്റെ ഉള്ളിൽ സാത്യമേയല്ലാത്ത

രഹസ്യമായ കള്ളങ്ങൾ,
എന്തിനു നീ അത് ഒളിക്കുന്നു !
നിൻ മാനം കാണും ചിന്തകളെ...
എത്ര മനോഹരമാണ് നിൻ അഭി -
നയം സുന്ദരമാക്കുന്ന ഈ ലോകത്ത്.

ചിന്തകൾ മാറ്റു നിൻ ഉള്ളിലെ
ഭാവം പുറത്ത് വരട്ടെ....
നിന്റെ പുഞ്ചിരിയിൽ കാണു -
ന്നതല്ല സത്യമെന്ന് അറിയാം
അത്രമേൽ നിൻ മുഖത്തു തെളിയുന്നു.

എത്ര സുന്ദരമാണ് നിൻ അഭിനയം
എത്രയും സുന്ദരമാണ് ഈ ലോകം
നിൻ പുഞ്ചിരുയെ മാറ്റു
നിന്റെ ഉള്ളിലെ സങ്കടം പുറത്തു കാണിക്കു.

എന്നിലെ നിന്നിലെ അലിയുന്ന സ്നേഹം...
നീന്നിലായിത്തീരുമീ ചിന്തകൾ...
മാറ്റുമീ നിൻ ചിന്തകൾ നിന്റെ -
ഉള്ളിലെ മുഖം മൂടി പുറത്ത് വരണ്ടേ.

## കഥ

## തിരിച്ച് വരാത്ത അവർ



*നാജിഹ് വി*
10 th Std.

മറക്കാനാവുന്നില്ല ഹമീദിന് ആ ദിവസം. ഉറങ്ങാൻ കിടന്നിട്ടും ഉറക്കം വരുന്നില്ല. സന്തോഷത്തിന്റേയും ദുഃഖത്തിന്റേയും വിവിധ രൂപങ്ങളാൽ നിറഞ്ഞിരുന്ന അവന്റെ മനസ്സ്. ഇനി അവന്റെ ജീവിതത്തിൽ തിരിച്ച് വരാത്ത ഒരു ദിനമാണ് കടന്നു പോയത്.

സ്കൂളിൽ നിന്ന് പഠന യാത്ര പോയതാണ് അവനും മറ്റ് സ്കൂൾ കുട്ടികളും. വയനാട്ടിലേക്കായിരുന്നു യാത്ര. ആടിയും പാടിയും സന്തോഷിച്ചും ഉല്ലസിച്ചും കെങ്കേമമായിരുന്നു യാത്ര. അവിടെ എത്തിയതൊന്നും ആരും അറിഞ്ഞില്ല. ഇങ്ങനെ വയനാട്ടിലെത്തിയ കുട്ടികൾ പല സ്ഥലങ്ങൾ സന്ദർശിച്ചും പല കാര്യങ്ങൾ ചെയ്തും അവർ അവരുടെ യാത്ര കെങ്കേമമാക്കി. അവൻ ഇത്തരത്തിലുള്ള യാത്ര നടത്തുന്നത് ആദ്യമായിട്ടായിരുന്നു. സന്തോഷത്തിന്റെ ഒരു ദിവസം കടന്നു പോയത് അവനറിഞ്ഞില്ല.

വളരെയധികം ഉല്ലസിച്ച ശേഷം എല്ലാവരും തിരിച്ച് സ്കൂളിൽ പോയി. അവിടെ യാത്രാവലോകനവും മറ്റും കഴിഞ്ഞ് ഹമീദ്

വീട്ടിലെത്തി. ഉമ്മയോടും ഉപ്പയോടും യാത്രയെക്കുറിച്ചുള്ള വിവരങ്ങൾ പറഞ്ഞ് എല്ലാവരും സന്തോഷത്തോടെ ഉറങ്ങി. മനസ്സിൽ അവിടെ

കളിച്ചതും ചിരിച്ചതും ഒന്നും തന്നെ ഹമീദിന് മറക്കാനാവുന്നില്ല. മാതാപിതാക്കൾക്കാകട്ടെ അവന്റെ യാത്ര സുഖകരമായതിലുള്ള ആത്മ സംതൃപ്തിയും. പിറ്റേന്ന് രാവിലെ അവൻ എഴുന്നേറ്റത് ഒരു ദുഃഖകരമായ വാർത്ത കേട്ടായിരുന്നു. അവന്റെ മനസ്സിനേയും ശരീരത്തേയും തളർത്തിയ ആ വാർത്ത അവന്റെ അധ്യാപകൻ മരണപ്പെട്ടു എന്നുള്ളതായിരുന്നു. അവന്റെ ജീവിതത്തെ സ്വാധീനിച്ച ഒരു വ്യക്തിയായിരുന്ന ആ അധ്യാപകൻ. ഹമീദ് ആദ്യം ലഹരിക്കടിമയായിരുന്നു. അത് തിരിച്ചറിഞ്ഞ് അവനെ ശരിയായ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവന്നത് ആ അധ്യാപകനായിരുന്നു. ഇന്നലെ വരെ അവനോടൊപ്പം യാത്രയിൽ ഒരു നിറ സാനിധ്യമായിരുന്ന ടീച്ചർ. അവരുടെ വേർപാട് അവന്റെ യാത്രയിലെ സന്തോഷം മുഴുവൻ കെടുത്തി.

സ്കൂളിൽ പൊതു ദർശനത്തിന് വെച്ച മൃതദേഹത്തിന് അന്ത്യോപചാരമർപ്പിക്കാൻ ആയിരക്കണക്കിനാളുകൾ എത്തിയിരുന്നു. ഹമീദിന്റെ കണ്ണിലെ കണ്ണുനീർ ആ വ്യക്തിയുടെ ശരീരത്തിൽ പതിച്ചു.

ഇതിനെല്ലാം ശേഷം ഉറങ്ങാൻ കിടന്നപ്പോൾ അയാളുടെ മനസ്സ് വല്ലാതെ അസ്വസ്ഥതയുള്ളതായി. തിരിച്ച് വരാത്ത് പഠനയാത്രയേയും അധ്യാപകനേയും ആലോചിച്ച്........


.................................................

## പെൻസിൽ ഡ്രോയിംഗ്



**അജ്നാസ് എം എ**

X B



# ജലച്ഛായം



**ഫാമിൽ, X B**



## POEM

## River



Yoonus V , VIIB

River,
a beautiful river
very big river,
my lovely river.

Very clear river,
a good river,
my heart river,
my friend river.

In the river,
frog, snake and fish
on the river,
boat and ship

Near the river,
a forest and animals.
on the river,
there is raining.


But river is sad
because,
in the river
waste and waste.

Save river
my beautiful river
save river
my lovely river

## പെൻസിൽ ഡ്രോയിംഗ്

**മുഹമ്മദ് നിബ്രാസ്**


IX B



## പെൻസിൽ ഡ്രോയിംഗ്



**മുഹമ്മദ് ഫർസീൻ, IX B**




.......................................................


## ജലച്ഛായം



## <u>മുഹമ്മദ് അഷർ ജമാൻ എ, VII A</u>




–



## ജലച്ഛായം

മുഹമ്മദ് നാസിഫ്

X B



## കവിത

# പൊയ്മുഖം



സാന്ദ്ര ,X B

*പുറമെ കാണുന്നതു പോലെയല്ല മനുഷ്യർ...*
*ഉള്ളിൽ  മുഖം മൂടി അണിഞ്ഞ്,*
*നമ്മെ ഉപദ്രവ്വിച്ചോണ്ടേയിരിക്കുന്നു....*
*മറ്റൊരാളെ പൊയ്മുഖംകൊണ്ട്*
*കബളിപ്പിച്ച കൊണ്ടേയിരിക്കുന്നു...*
*പുറമെയുള്ള ഭംഗി കണ്ട്*
*വിശ്വസിക്കാനാവില്ല ആരേയും*
*കാണുന്നതു പോലെയല്ല, ആളുകൾ,*
*പൊയ്മുഖങ്ങളായിരിക്കാം പലതും,*
*വിശ്വസിക്കാനാവില്ല ഒന്നിനേയും,*
*അകറ്റണം പൊയ്മുഖത്തെ നമ്മൾ*
*സ്നേഹമുള്ള മുഖങ്ങൾ കൊണ്ടുവരണം...*
*സ്നേഹിക്കരുത് ,ബാഹ്യ ഭംഗി കണ്ട്*
*സ്നേഹിക്കണം ആന്തര ഭംഗികണ്ട്*
*വിശ്വസിക്കരുത് ,പൊയ് മുഖങ്ങളെ*
*അകറ്റണം പൊയ്മുഖത്തെ നമ്മൾ ....*

.........................................

## ജലച്ഛായം

**ഫാസിൽ, X B**



# ജലച്ഛായം




**മിൻഹജ് , VIII A**



## ജലച്ഛായം



**അജ്നാസ് എം എ, X B**





## കവിത

ഫാത്തിമ ഫിദ ബി ,V B

### മഴ

മഴ മഴ മഴ മഴ മഴ വന്നു
പുള്ളിക്കുടയും ചൂടി നടന്നു
കുട്ടികൾക്കിഷ്ടം മഴ വെള്ളം
തവളകൾക്കിഷ്ടം മഴവെള്ളം

മഴയുണ്ടെങ്കിൽ വെള്ളമുണ്ട്
മഴയില്ലെങ്കിൽ വെള്ളമില്ല..
ഞങ്ങൾക്കിഷ്ടം മഴയിൽ കളിക്കാൻ
തവളകൾ പേക്രോം പേക്രോം പറയും

ഇടിയും മിന്നലും വന്നാലോ ,
മഴ വരുമെന്ന് എനിക്കറിയാം..
വേനൽ കാലം മഴ ഇല്ല
മഴക്കാലത്തോ മഴയുണ്ട്...

മഴയുണ്ടെങ്കിൽ തണുപ്പുണ്ട്,
മഴ പോയാലോ വെയില് വരും
മഴയെ മഴയെ വാ വാ വാ
മഴയെ മഴയെ വാ വാ വാ....



## ജലച്ഛായം

**ശസിൻ അദ്നാൻ,**


**IX C**



## ചിത്രം

**ഫജർ,**

VII B





## ജലച്ഛായം

**സഹൽ വി പി**

X B



## പെൻസിൽ ഡ്രോയിംഗ്

**ഷഹൻഷ**

IX C





കഥ

## മൗന നൊമ്പരം

അനിത ടീച്ചർ

ഉച്ച ഭക്ഷണം കഴിച്ച് ഹോട്ടലിൽ നിന്ന് ഇറങ്ങുമ്പോൾ ഉണ്ണി പതിവ് പോലെ ആ വൃദ്ധനെ തിരഞ്ഞു. അയാളെ കാണുമ്പോൾ തനിക്ക് അനുഭവപ്പെടുന്ന ഹൃദയാനന്ദം എന്തു കൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും അവന് പിടി കിട്ടിയില്ല. ഒരു പക്ഷേ തന്റെ ഉപബോധ മനസ്സിൽ മയങ്ങിക്കിടക്കുന്ന ഏതെങ്കിലും മോഹത്തിന്റെ അലയൊലിയാകാം ഈ ആഹ്ലാദ പ്രകടനം. കാരണം, വളരെ ചെറുപ്പത്തിൽ തന്നെ അച്ഛൻ നഷ്ടപ്പെട്ട തന്റെ ഓർമ്മകളിൽ ഒരു മധുരക്കനവായി അച്ഛൻ എന്ന സങ്കൽപ്പം നിറഞ്ഞു നിന്നിരുന്നു. അച്ഛനെക്കുറിച്ചോർത്തപ്പോൾ ഒരു നിമിഷം കണ്ണുകളീറനണിഞ്ഞു. വീണ്ടും ആ വൃദ്ധനെ കാണാനുള്ള ത്വര മനസ്സിലുണരുന്നു. പതിവുസ്ഥലത്ത് കാണാത്തതിനാൽ അവന്റെ കണ്ണുകൾ എല്ലായിടത്തും ഒരു ഓട്ടപ്രദക്ഷിണം നടത്തി. ഇല്ല കാണുന്നില്ല. അതോടെ ഉണ്ണിയുടെ മനസ്സിൽ അസ്വസ്ഥത നുരകുത്തി. എന്തിനാണ് ഇങ്ങനെ വിഷമിക്കുന്നത്? അയാൾ തന്റെ ആരാണ്? ഉണ്ണി സ്വയം ചോദിച്ചു. ഉച്ച വെയിലിന്റെ തീക്ഷ്ണത മറന്ന് ആ വഴിയോരത്തു കൂടെ നടക്കുമ്പോൾ, യാത്രയിൽ എവിടെയോ വെച്ച് കൈവിട്ട ഒരു കുഞ്ഞിന്റെ നിസ്സഹായത

അവന് അനുഭവപ്പെട്ടു. വൃദ്ധനെ തന്നെ ആലോചിച്ചു നടക്കവേ, ആദ്യമായി ആ മനുഷ്യനെ കണ്ടുമുട്ടിയ രംഗം അവന്റെ മനസ്സിൽ

ഓടിയെത്തി. ഒരു ദിവസം സ്കൂളിലേക്ക് വരുമ്പോൾ പഴന്തുണിക്കെട്ടുപോലെ ഒരു മനുഷ്യക്കോലം സ്കൂളിനടുത്തുള്ള മരച്ചുവട്ടിൽ ഇരിക്കുന്നതു കണ്ടു. അലക്ഷ്യമായൊന്ന് ദൃഷ്ടി പായിച്ച് നടക്കാൻ തുടങ്ങിയപ്പോൾ 'മോ...നേ..' എന്ന വിറയാർന്ന ശബ്ദത്തിലുള്ള വിളി

തന്നെ പിടിച്ചു നിർത്തി. തിരിഞ്ഞ് ആ മുഖത്തേക്കൊന്ന് നോക്കിയപ്പോൾ ഒരായുസ്സിലെ മുഴുവൻ ദുഃഖവും ഏറ്റുവാങ്ങിയപോലെ ഒരു ജീവച്ഛവം. ആ കണ്ണിൽ ഒരു കണ്ണീർക്കടൽ ഇരമ്പുണ്ടെന്നു തോന്നും. ഒരു വലിയ നെരിപ്പോട് നെഞ്ചിലേറ്റിയ അനുഭവമായിരുന്നു ഉണ്ണിക്കപ്പോൾ. ജീവിതത്തിന്റ സായം കാലത്തിൽ ആർക്കും വേണ്ടാതെ ഭാരമായി, ജീവിക്കാൻ അർഹതയില്ലാത്തവരെപ്പോലെ കഴിയുന്ന ഓരോ നിർഭാഗ്യവാന്മാരും നമ്മിലോരോരുത്തരുടേയും പ്രതീകമാണെന്ന് അവന് തോന്നി. അവന്റെ മനസ്സ് വികാരാവേശത്താൽ വിറകൊണ്ടു. തിരിഞ്ഞ് അയാളുടെ സമീപത്തേക്ക് ചെന്നപ്പോൾ ആ ഉടലാകെ വിറയ്ക്കുന്നുണ്ടെന്ന് അവൻ അറിഞ്ഞു. അടുത്തു ചെന്നിട്ടും ഒന്നും പറയാനാകാതെ ഇരിക്കുന്ന ആ വൃദ്ധനോട് അപാരമായ സ്നേഹം തന്റെ നെഞ്ചിൽ ഉറപൊട്ടുന്നതായി അവന് തോന്നി. അയാൾ ഒന്നും പറഞ്ഞില്ലെങ്കിലും ആ ശരീരവും കണ്ണുകളും തന്നോട് അയാളുടെ അവസ്ഥ പറയുന്നുണ്ടായിരുന്നു. പോക്കറ്റിൽ നിന്നും ഒരമ്പതു രൂപാ നോട്ടെടുത്ത് അയാളുടെ കൈവെള്ളയിൽ വച്ചു കൊടുത്തു. പെട്ടെന്ന് തന്റെ കൈക്കുട്ടിപ്പിടിച്ച് അയാൾ മുള ചീന്തും പോലെ പൊട്ടിക്കരഞ്ഞു. വിറയാർന്ന ആ കരം തന്നെ പിടിച്ചപ്പോൾ ഒരു പൂവിന്റെ മൃദുലത

അവന്റെ ഹൃദയത്തിനനുഭവപ്പെട്ടു. മോഹനിദ്രയിലെന്ന പോലെ ഒരു നിമിഷം നിന്നു പോയ ഉണ്ണി, ആ കൈവിടുവിച്ച് അവിടെ നിന്നും നടന്നകന്നു.

ക്ലാസിൽ പോയെങ്കിലും ശരിയായി ക്ലാസെടുക്കാനുള്ള

മനസ്സാന്നിദ്ധ്യം നഷ്ടപ്പെട്ടിരുന്നു. മനസ്സ് കോളു കൊണ്ട സമുദ്രം പോലെ പ്രക്ഷുബ്ധമായിരുന്നു. ആദ്യത്തെ രണ്ട് പിര്യേഡ് കഴിഞ്ഞ് സ്റ്റാഫ് റൂമിൽ വന്നിരിക്കുമ്പോൾ വീണ്ടും ആ രൂപം ഹൃദയത്തിനുള്ളിൽ നിന്നും വിങ്ങിപ്പൊട്ടിക്കരയുന്നുണ്ടെന്ന് ഉണ്ണിയ്ക്ക് തോന്നി. ആ രംഗം കണ്ണിൽ നിന്നും മായുന്നില്ല. അസ്വസ്ഥത മറക്കാനെന്നവണ്ണം അവൻ ലൈബ്രറിയിലേക്ക് നടന്നു. കൈയിൽ കിട്ടിയ ഒരു ബുക്കെടുത്ത് അവിടെത്തന്നെയിരുന്നു നിവർത്തി. പക്ഷേ ഒരു വരി പോലും അവന്റെ

പ്രജ്ഞയിലെത്തിയില്ല. ജീവിതത്തിന്റെ അപരാഹ്നത്തിലെത്തിയ ആ മനുഷ്യന്റെ കറുത്ത കണ്ണീര് ഒരഗ്നിനാളമായി അവനിൽ ആളിക്കത്തി. ഉച്ച വരെ ഉഴറിയ മനസ്സോടെ നടന്ന ഉണ്ണി, ബെല്ലടിച്ച ഉടനെ പുറത്തേക്ക് നടന്നു. ഗേറ്റ് കടന്ന ഉടനെ ആകാംക്ഷയോടെ മരച്ചുവട്ടിലേക്ക് നോക്കി. പക്ഷേ കാണാനാഗ്രഹിച്ച രൂപം അവിടെയുണ്ടയിരുന്നില്ല. അറിയാതെ തന്നെ ഒരു ഭാവപ്പകർച്ചയുണ്ടാകുന്നത് ഉണ്ണി തിരിച്ചറിഞ്ഞു. എന്തെന്നറിയാത്ത ഒരു ഹൃദയവ്യഥ.

ഭക്ഷണം കഴിക്കാൻ വേണ്ടി ഹോട്ടലിലേക്ക് നടക്കുമ്പോൾ മനസ്സിൽ ആ വൃദ്ധ രൂപം തികട്ടി വന്നു കൊണ്ടിരുന്നു. ഊണിരുന്നെങ്കിലും ഒന്നും വേണമെന്ന് തോന്നിയില്ല. ഒരു കർമ്മം നിർവ്വഹിക്കിന്നതു പോലെ ഇത്തിരി കഴിച്ചു വെന്നു വരുത്തി എഴുന്നേറ്റു.

തിരികെ സ്കൂളിലേക്ക് നടക്കുമ്പോൾ ഒരു കടത്തിണ്ണയിൽ ആ ദൈന്യ രൂപം കുനിക്കൂടിയിരിക്കുന്നു.അറിയാതെ കാലുകൾ അങ്ങോട്ട് ചലിച്ചു. ഏതോ ശക്തി തന്നെ നയിക്കുന്നതായാണ് ഉണ്ണിക്കനുഭവപ്പെട്ടത്. ആ ദുഃഖ പാരവശ്യം കണ്ട് അനുകമ്പ തോന്നിയതാണോ? അവൻ ഒരു നിമിഷം ആലോചിച്ചു അല്ല. എന്തോ മുജ്ജന്മബന്ധം തമ്മിൽ കോർത്തിണക്കിയതാണെന്നവനു തോന്നി. അയാളുടെ അടുത്തെത്തിയപ്പോൾ രാവിലെ കണ്ട അത്രയും അവശത തോന്നിയില്ല.

തന്നെക്കണ്ടപ്പോൾ പൊടുന്നനെ കണ്ണുകൾ സജലങ്ങളായി, കവിളുകൾ തുടിച്ചു. 'ഊണു കഴിച്ചോ' എന്ന് ആംഗ്യഭാഷയിൽ ഉണ്ണി അയാളോടന്വേഷിച്ചു. ഒരു തലയാട്ടലിനൊപ്പം തന്നെ നമസ്കരിക്കുവാനാണ് അയാൾ തുനിഞ്ഞത്. ആ ഉദ്യമത്തിൽ നിന്നും തടയാനെന്നവണ്ണം ഉണ്ണി അയാളെ കെട്ടിപ്പിടിച്ച് സാന്ത്വനിപ്പിച്ചു.

നിസ്സീമമായ സ്നേഹം ഉണ്ണിയുടെ ഉള്ളിൽ വന്നു നിറഞ്ഞു. അയാളെ നോക്കിയിരിക്കെ ഭാവങ്ങൾക്കപ്പുറത്ത് അവാച്യമായ ഒരാനന്ദലഹരി തനിക്ക് അനുഭവപ്പെടുന്നതായി അവൻ അറിഞ്ഞു. തിരിച്ച് അവിടെ നിന്നും നടക്കുമ്പോൾ ഉണ്ണി ആലോചിച്ചത്

തന്നെപ്പറ്റിത്തന്നെയായിരുന്നു. ആ വൃദ്ധനോട് ഇത്രമാത്രം പ്രതിപത്തി കാട്ടുവാൻ എന്തായിരുന്നു തന്റെയുള്ളിന്റെയുള്ളിൽ? പലവട്ടം ഈ ചോദ്യം തന്നോടു തന്നെ ചോദിച്ചെങ്കിലും അവന് ഉത്തരം കണ്ടെത്താനായില്ല.

പിന്നീടെന്നും സ്കൂളുള്ള ദിവസങ്ങളിൽ ഉച്ച സമയത്ത് ആ വൃദ്ധനെ കാണുക എന്നത് അവന്റെ ഒരനുഷ്ഠാനമായിത്തീർന്നു. കൈയിൽ

കാശില്ലാത്ത ദിവസങ്ങളിൽ രാവിലെ തന്നെ മരച്ചുവട്ടിൽ ഹാജരുണ്ടാകും. എന്തെങ്കിലും കൊടുത്താൽ അതും കൊണ്ട് യാത്രയാവുകയായി. എവിടെ പോയാലും ഉച്ചയ്ക്ക് കടത്തിണ്ണയിൽ ഹാജരുണ്ടാകും. തന്നെക്കണ്ടാൽ കണ്ണിമയ്ക്കാതെ നോക്കിയിരിക്കുന്നതു കാണാം. ഉച്ച ഭക്ഷണം കഴിഞ്ഞ് ആ മനുഷ്യനെ ഒന്നു കണ്ട് കുശലം പറയുക എന്നത് തന്റെയും ദിനചര്യയായിരിക്കുന്നു. ആ കണ്ടുമുട്ടലിൽ

തനിക്ക് എന്തെന്നില്ലാത്ത ആനന്ദം അനുഭവപ്പെടുന്നുണ്ട്. ആ പതിവാണ് ഇന്ന് മുടങ്ങിയിരിക്കുന്നത്. അവന് വല്ലാത്ത ദുഃഖം തോന്നി. വൃദ്ധൻ ആരാണെന്നോ എവിടെയാണെന്നോ ഇന്നു വരെ താൻ അന്വേഷിച്ചിരുന്നില്ലെന്ന് ഉണ്ണി ഓർത്തു. ഒന്നും തന്നെ

ചോദിച്ചില്ലെങ്കിലും ആ വൃദ്ധനിൽ ഒരു ആത്മതേജസ്സ് താൻ ദർശിക്കുകയായിരിന്നു. തന്നോട് തന്നെ പഴി പറഞ്ഞ് , തന്നെ കാത്തിരിക്കുന്ന ആ വൃദ്ധന്റെ ചിത്രം അവനിൽ കൂടുതൽ മിഴിവോടെ തിളങ്ങി. ജീവന്റെ നീതിക്കു വേണ്ടി കൊതിക്കുന്ന ഈ വൃദ്ധൻ തന്റെ തന്നെ പ്രതിരൂപമാണെന്ന തോന്നൽ അവനിൽ ശക്തമായി. ഒരു വിഷാദസ്മൃതിയിലെന്നപോലെ അവൻ ചുവടുകൾ വച്ചു.

ഉണ്ണി ആലോചിച്ചു; അയാൾ എവിടെപ്പോയിരിക്കാം? എവിടെച്ചെന്നന്വേഷിക്കാം? പെട്ടെന്ന് ഒരു കാക്ക തലയ്ക്ക് മുകളിലൂടെ

ചിറകടിച്ച് കരഞ്ഞുകൊണ്ട് പറന്നു പോയി. മനസ്സിനുള്ളിലെവിടെയോ ഒരാപത്ശങ്ക മുഴങ്ങി. അദ്ദേഹത്തിനെന്തെങ്കിലും പറ്റിയിരിക്കുമോ? ഇല്ല, അശുഭമൊന്നും ഉണ്ടാവില്ലെന്ന ആശ്വാസത്തോടെ അവൻ നടന്നു നീങ്ങി. സ്കൂളിൽ പോയി ഒരാവർത്തനം പോലെ ക്ലാസുകൾ എടുത്തു.

വൈകന്നേരം സ്കൂൾ വിട്ട് പതിവു വഴിയേ പോകാതെ വൃദ്ധനെ കാണാനാവുമെന്ന നേരിയ പ്രതീക്ഷയോടെ അവൻ ആ കടത്തിണ്ണയിൽ പോയി കുറേ നേരമിരുന്നു. പക്ഷേ നിരാശയോടെ, മൂകമായ മനസ്സോടെ തിരിച്ച നടക്കേണ്ടി വന്നു. സന്ധ്യാകാശത്തിന്റെ ചുകപ്പ് നോക്കിയിരിക്കെ ഒരു ധൂളീപടലം ആകാശത്തേക്കുയർന്നു പോകുന്നതായി അവന് തോന്നി. സൂക്ഷിച്ച നോക്കിയപ്പോൾ ഒരു പക്ഷിക്കൂട്ടം മേഘത്തെ തൊടാനെന്നപോലെ പറന്ന്, പറന്ന് ദൂരേയ്ക്ക് മറയുന്നത് കണ്ടു. സാധാരണനിലയിൽ ചെഞ്ചായം പൂശിയ ആ അംബരപ്പന്തൽ അവനേറെ ഹൃദ്യമായിരുന്നു. പക്ഷേ എന്നത്തേയും പോലെ പ്രദോഷത്തിന്റെ രമണീയത ആസ്വദക്കാനുള്ള ഒരു

മാനസികാവസ്ഥയിലായിരുന്നില്ല.

തിരികെ നിരുന്മേഷകനായി വീട്ടിലെത്തി. അമ്മയുടെ ചോദ്യങ്ങൾക്ക് ചുരുങ്ങിയ വാക്കുകളിൽ മറുപടിയൊതുക്കി. കസേരയിലിരുന്നപ്പോഴും ഒരു കടംകഥ പോലെ മനസ്സിൽ ഒരു സംശയം ബാക്കി കിടന്നു. എന്തിനാണ് തനിക്കാരുമല്ലാത്ത ആ വൃദ്ധനെക്കുറിച്ചോർത്ത് ദുഃഖിക്കുന്നത്. അശുഭകരമായ ചിന്തകൾക്ക് വിശ്രമം കൊടുത്ത് ശുഭചിന്തകൾ മനസ്സിൽ നിറയ്ക്കു. മനസ്സ് മന്ത്രിക്കുന്നതായി ഉണ്ണിക്ക് തോന്നി. ഹൃദയത്തിൽ തറഞ്ഞ മുള്ള് എടുക്കാതെ വേദനമാറില്ലെന്നവന് മനസ്സിലായി . അണ ഞ്ഞുതുടങ്ങിയ വികാര വിക്ഷോഭങ്ങൾ വീണ്ടും മനസ്സിനെ സ്വൈര്യം കെടുത്തി.

പിറ്റേന്നും പ്രതീക്ഷിച്ച ആളെ കാണാതെ നിരാശനായി മടങ്ങി, തനിക്ക് ചിത്തഭ്രമം ബാധിച്ചോ എന്ന് പോഴലും ഒരുവേള ഉണ്ണിക്ക്തോന്നി .ദിവസങ്ങളോളം അയാളെ കണ്ടില്ല .മനഃസംയമനം നടിച്ച കൊണ്ട് അവൻ ദിവസങ്ങൾ തള്ളിനീക്കി. മനുഷ്യബന്ധങ്ങൾ

സ്വപ്നം പോലെ, ആകാശക്കോട്ട പോലെ, അയഥാർത്ഥമാണ് എന്നവൻ ആശ്വസിച്ചു.

ഒരു ദിവസം രാവിലെ സ്കൂളിലേക്ക് വരുമ്പോൾ അതാ ആ മരച്ചുവട്ടിൽ, താൻ കാണാനശിച്ചരൂപം! കുറെ സമയം അങ്ങനെതന്നെ അവൻ നിന്നു പോയി . തൻെറ മനസ്സിൽ ഒരു വർണ്ണമയൂരം പീലി വിടർത്തിയാടുന്നുണ്ടെന്ന് അവനു തോന്നി .ജിവതത്തിലിന്നുവരെ താനിത്രയും സന്തോഷം അനുഭവിച്ചിട്ടുണ്ടാവില്ല. സന്തോഷത്താൽ ഹൃദയം പ്രകമ്പനം കൊള്ളുന്നതറിഞ്ഞു. കാലപനിക ഭാവങ്ങളൊക്കെയും തന്നിൽ ഊറികൂടുകയാണെന്ന് ഉണർവ്വ് അവനുണ്ടായി. ഓടി അയാളുടെ അടുത്തെത്തിയപ്പോഴേക്കും ഉണ്ണി നന്നേ കിതച്ചിരുന്നു . കണ്ണടച്ച് ധ്യാനത്തിലെന്നവണ്ണം ഇരിക്കുകയാണയാൾ .തട്ടി വിളിക്കണോ എന്ന് ഒരു നിമിഷം ചിന്തിച്ചു ,ഏതായാലും വിളിക്കാമെന്ന ധാരണയിൽ ആ ശരിരത്തെ മൃദുവായി അവൻ സ്പർശിച്ചു .മഞ്ഞുപോലെ തണുത്തിരിക്കുന്നു ആ ശരിരം. വേപഥുപൂണ്ട മനസ്സോടെ ഒന്നുകൂടി കുലിക്കിയപ്പോൾ ആ ദേഹം താഴേക്ക് ഊർന്നു വിണു .ഉണ്ണിയുടെ നെഞ്ചിൽ നിന്നും ഒരു

പിടിച്ചിൽ ഉയർന്നു താൻ ഭയന്നത് സംഭവിക്കരുതേയെന്ന് അവൻ ഒന്നല്ല ഒരായിരം വട്ടം ഉള്ളുരുകി പ്രാർത്ഥിച്ചു . ആ ശരീരം വിണ്ടും ഒന്നുകൂടി നോക്കിയപ്പോൾ അവന് ശരിരം വിറച്ചു ഹൃദയ മിടിച്ചു . സ്ഥലകാലബോധം നഷ്ടപ്പെട്ടിരിക്കുന്ന പ്രതീതി. തൻെറ ആരുമല്ലെങ്കിലും ഈ വൃദ്ധനെ എത്രമാത്രം ആഴത്തിൽ സ്നേഹിച്ചിരുന്നു എന്നവൻ തിരിച്ചറിഞ്ഞു.

ഒരു നിമിഷം ,ഒരുപാടുനിമിഷങ്ങൾ അവനങ്ങനെ നിന്നു . ആളുകളുടെ ഒച്ചയാണ് ഉണ്ണിയെ ചിന്തയിൽ നിന്നുണർത്തിയത് .

അനാഥപ്രേതമായി  സംസ്ക്കരിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുകയാണെന്ന് ആളുകളുടെ സംസാരത്തിൽ നിന്നു അവൻ മനസ്സിലാക്കി . പൊടുന്നനെ ഒരുൾപ്രേരണയാലെന്നവണ്ണം ഉണ്ണി, ശവസംസക്കാരച്ചടങ്ങുകൾ സ്വയം ഏറ്റെടുത്തു . മനസ്സിനുള്ളിലെ മരുഭൂമി കണ്ണീർ നനഞ്ഞ് കുതിർന്നു  .ഒരു പുത്രൻെറ കടമയോടെ മനസ്സാ പ്രണമിച്ചുകൊണ്ട്, ഹൃദയവ്യഥ ഉള്ളിലൊതുക്കി എല്ലാം നിർവ്വഹിച്ചപ്പോൾ, അനിർവ്വചനീയമായ  ഒനുഭൂതി ! ഈ അനുഭൂതി തൻെറ  മാത്രം സ്വന്തമാണെന്ന് ഉണ്ണിയ്ക്ക് ലോകത്തോട് ഉറക്കെ വിളിച്ചു പറയണ മെന്ന് തോന്നി . തൻെറ  പാപങ്ങളൊക്കെയും  നീങ്ങി മനം പവിത്രമായിരിക്കുന്നു - ഉണ്ണി തേങ്ങി......

.....................................................................

## കഥ

മുഹമ്മദ് സമൽ എം പി
X B



# സാലിം എന്ന ചെറുപ്പക്കാരൻ

ഒരു ദിവസം വയനാട്ടിലെ ഒരു കുഗ്രാമത്തിൽ നടന്ന സംഭവമാണ്, സാലിം എന്ന ചെറുപ്പക്കാരൻ ഉണ്ടായിരുന്നു. ഒരു ദിവസം അവൻ അവന്റെ ജോലിയായ മരം കൊത്താൻ പോയി . അവൻ പോകുന്ന കാട്ടിൽ ധാരാളം വന്യ ജീവികൾ ഉണ്ട്. അത് കൊണ്ട് തന്നെ അവന്റെ അമ്മയ്ക്കും ഭാര്യയ്ക്കും അവനെ ആ ജോലിക്ക് വിടാൻ ഭയമാണ്. അവന്റെ അച്ഛനും മരം വെട്ടലായിരുന്നു ജോലി. അച്ഛനൊരു ദിവസം ജോലിക്ക് പോയി . രാത്രി വരെ മകനും അമ്മയും അദ്ധേഹത്തെ കാത്തു നിന്നു, പക്ഷേ രാത്രിയായിട്ടും അയാൾ വന്നില്ല. പിറ്റേ ദിവസം ആ മകൻ അച്ഛനെ അന്വേഷിച്ച് തന്റെ കൂട്ടുകാരനായ ജബ്ബാറുമായി അവന്റെ അച്ഛനെ തേടി ആ കൊടും കാട്ടിലേക്ക് യാത്ര പുറപ്പെട്ടു . എത്ര അന്വേഷിച്ചിട്ടും അയാളെ കാണുന്നില്ല.

രാത്രി വരെ അവനും കൂട്ടുകാരനും അയാളെ അന്വേഷിച്ചു. അവസാനം തന്റെ അച്ഛനെ കാണാത്ത ദുഃഖത്താൽ തിരിച്ച്

പോകുമ്പോൾ പുലിയുടെ അക്രമത്തിൽ ജീവൻ പോയ തന്റെ അച്ഛന്റെ മൃതദേഹം അവൻ കാണുകയുണ്ടായി. അവന്റെ ചങ്ക് പൊട്ടുന്നത് പോലെ തോന്നി. തന്റെ അച്ഛനാണെന്ന് മനസ്സിലാക്കാൻപോലും കഴിയാത്ത അവസ്ഥയിലാണ് തന്റെ അച്ഛനെ ആ മകൻ കാണുന്നത്. അവസാനം അവനും ജബ്ബാറും കൂടി ആ മൃതദേഹം തന്റെ വീട്ടിലേക്കി കൊണ്ട് പോയി. ഇത് കണ്ട നാട്ടുകാർ തളർന്ന് പോയി . അവർക്ക് എല്ലാമായ എന്തോ നഷ്ടപ്പെട്ടതുപോലെ തോന്നി . നാട്ടിലെ എന്ത് കാര്യത്തിനും വിളിച്ചാൽ ഒരു മുടക്കും പറയാതെ വരുന്ന ആളായിരുന്നു അദ്ദേഹം അയാൾ ഒരു പുലി പിടിത്തക്കാരനുമായിരുന്നു . എന്നിട്ടും എങ്ങനെയാണ് ഈ മനുഷ്യൻ പുലിക്ക് ഇരയായത് എന്ന് ആർക്കും മനസിലാവുന്നില്ല .

അദ്ദേഹത്തിന്റെ മൃതദേഹവുമായി നാട്ടുകാരും മകനും കൂടി വിട്ടിലേക്ക് പോയി . ഇത് കണ്ട് സാലിമിന്റെ അനിയത്തിയും അമ്മയും തളർന്നു പോയി . ഇനി തന്റെ അമ്മയേയും അനിയത്തിയേയും നോക്കേണ്ട ചുമതല തനിക്കാണെന്ന ബോധം സാലിമിനുണ്ടായി . അവൻ അച്ഛന്റെ ജോലിയായ മരപ്പണി തന്നെ പിന്തുടരാൻ ശീലിച്ചു. അവന്റെ അമ്മയ്ക്കും ഭാര്യയ്ക്കും അവനെ ആ ജോലിക്ക് വിടാൻ ഭയമായിരുന്നു.

കാലങ്ങൾ കഴിഞ്ഞു, സാലിമിന് ഒരു മകൻ പിറന്നു. സാലിമിന്റെ അച്ഛന്റെ ശീലങ്ങൾ എല്ലാം അവനും ശീലിച്ചു നാട്ടുകാർക്ക് എന്ത് ആവശ്യം വന്നാലും അവൻ ചെയ്ത് കൊടുക്കും . ഒരു ദിവസം അവൻ വീട്ടിൽ നിന്ന് വഴക്കിട്ട് പുറത്ത് പോയി . രാത്രി ആയിട്ടും അവൻ തിരിച്ച് വന്നില്ല . എവിടെ പോയെന്ന് ആർക്കും അറിയില്ല. സാലിം അവനെ തേടി കാട്ടിൽ എത്തി. അവിടെ ഒരു പുലിയെ കണ്ട സാലിം പേടിച്ചു വിറച്ചു. അയാൾ വേഗം മരത്തിന്റെ മുകളിൽ കയറി ഇരിന്നു.

അപ്പോൾ ദൂരെ നിന്ന് തന്റെ മകൻ തന്നെ നോക്കി ക്കൊണ്ട് ഓടി വരുന്നത് കണ്ടു. ഇത് പുലി കാണുന്നുണ്ടെന്ന് മനസ്സിലാക്കിയ സാലിം തന്റെ മകനെ രക്ഷിക്കണമെന്ന ഉറച്ച ലക്ഷ്യത്തോടെ ആ പുലിയുടെ മുന്നിൽ ചെന്നു. തന്റെ മകനു പകരമായി ആ പുലിയുടെ ഇരയായി മാറി. സാലിമിന്റെ ആജ്ഞയാൽ സാലിമിന്റെ മകന് അവിടുന്ന് ഓടി രക്ഷപ്പെടേണ്ടി വന്നു . മകൻ ഈ കാര്യം നാട്ടുകാരോടും അമ്മയോടും പറഞ്ഞു. എല്ലാവരും ഓടി ആ കാട്ടിൽ ചെന്നു . അപ്പോൾ അവിടെ കണ്ട കാഴ്ച എല്ലാവരുടെയും കണ്ണ് നനയ്ക്കുന്നതായിരുന്നു . സാലിമിന്റെ ശരീരത്തിലെ അവയവങ്ങൾ ചിന്നിച്ചിതറയിരുന്നു. ഇതു കണ്ട നാട്ടുകാർ ആ പുലിയെ ആ രാത്രി തന്നെ കൊന്നു. നാട്ടുകാർക്കും വീട്ടുകാർക്കും ഒരു ഓർമയായി ഒരിക്കലും തിരിച്ചുവരാത്ത ഒരതിഥിയായി അവൻ ഈ ലോകത്തോട് വിട പറഞ്ഞു. തന്റെ അച്ഛൻ താൻ മൂലമാണ് മരണപ്പെട്ടത് എന്ന കുറ്റബോധം അവനെ അലട്ടിക്കൊണ്ടിരുന്നു.

........................................................................................

# നവംബർ 14, ശിശു ദിനം

## പ്രതിഭയെ ആദരിക്കൽ

ഗവ. സിറ്റി ഹയർ സെക്കൻ്ററി സ്കൂൾ




# ജലച്ഛായം



റഹന , VIII B





## ഗവ. സിറ്റി ഹയർ സെക്കന്ററി സ്കൂൾ

